©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2023 ഏപ്രിൽ 27<br>27th April 2023<br>1198 മേടം 13<br>13th Medam 1198<br>1945 വൈശാഖം 7<br>7th Vaisakha 1945 | നമ്പർ<br>No. 1434 |

### കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

### വിജ്ഞാപനം

നമ്പർ: TP6/26551/15

26/04/2023

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36-ആം വകുപ്പിൻറെ 4-ആം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

(ഒപ്പ്)
സെക്രട്ടറി
കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>ഫാറം - IV</u>
<u>(ചട്ടം 19(2) കാണുക)</u>
<u>കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ</u>

<u>2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9) 36-ആം വകുപ്പിൻറെ 4-ആം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്</u>

താഴെ പറയുന്ന അതിരുകളോടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിൻറെ (കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻറെ) കരട് മാസ്റ്റർ പ്ലാൻ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ പരിഷ്കരണങ്ങളോടു കൂടി സ്വീകരിച്ചത്, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻറെ **ഔദ്യോഗിക വെബ്സൈറ്റായ http://kollammunicipalcorporation.gov.in**-ൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻറെ (2016-ലെ 9) 36-ആം വകുപ്പ് 4-ആം ഉപവകുപ്പ് പ്രകാരം **പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം** ചെയ്യുന്നു.

| | | |
|---|---|---|
| വടക്ക് | : | നീണ്ടകര ഗ്രാമപഞ്ചായത്ത്, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്, തൃക്കരുവ ഗ്രാമപഞ്ചായത്ത്, പനയം ഗ്രാമപഞ്ചായത്ത്, പെരിനാട് ഗ്രാമപഞ്ചായത്ത്. |
| കിഴക്ക് | : | കൊറ്റങ്കര ഗ്രാമപഞ്ചായത്ത്, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്, മയ്യനാട് ഗ്രാമപഞ്ചായത്ത്. |
| തെക്ക് | : | അറബിക്കടൽ |
| പടിഞ്ഞാറ് | : | അറബിക്കടൽ |

**കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.**

**(എ) അംഗീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ.**

1. കടപ്പാക്കട ആൻറ് സറൗണ്ടിംഗ്
2. ഏരിയ ഫ്രം കുഞ്ഞമ്മപ്പാലം ടു ഡിസ്ട്രിക്റ്റ് ഹോസ്പിറ്റൽ
3. ഏരിയ ബിറ്റുവിൻ പി.ഡബ്ല്യു.ഡി ഓഫീസ് ആൻറ് ഡി.എസ്.പി.ഓഫീസ് ജംഗ്ഷൻ
4. റോഡ് ഫ്രം താലൂക്ക് ഓഫീസ് ജംഗ്ഷൻ ടു സിവിൽ സ്റ്റേഷൻ ജംഗ്ഷൻ

**(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - ബാധകമല്ല.**

**(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക.**

1. കടപ്പാക്കട ആൻറ് സറൗണ്ടിംഗ്
2. ഏരിയ ഫ്രം കുഞ്ഞമ്മപ്പാലം ടു ഡിസ്ട്രിക്റ്റ് ഹോസ്പിറ്റൽ
3. റോഡ് ഫ്രം താലൂക്ക് ഓഫീസ് ജംഗ്ഷൻ ടു സിവിൽ സ്റ്റേഷൻ ജംഗ്ഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചതു കൊണ്ടും മിച്ചമുള്ള പദ്ധതി ഉദ്ദേശ്യങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയതിനാലും ചില പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കാലഹരണപ്പെട്ടതിനാലും.

**(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ**

1. ഏരിയ ബിറ്റുവിൻ പി.ഡബ്ല്യു.ഡി ഓഫീസ് ആൻറ് ഡി.എസ്.പി.ഓഫീസ് ജംഗ്ഷൻ

കരട് മാസ്റ്റർ പ്ലാനിൻറെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻറെ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താൽപര്യമുള്ള ഏതോരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻറെ (2016-ലെ 9) 36(12), 61, 62 എന്നീ വകുപ്പുകൾ പ്രകാരം ബാധകമാകുന്ന നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി മേയർ

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം

വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്)

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36-ആം വകുപ്പിൻറെ 4-ആം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.04.27 02:28:01 +05:30